**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3124** **14-02-2024 - ൽ മറുപടിയ്ക്ക്**

**ജലജീവൻ മിഷൻ പ്രവൃത്തിയുടെ ഭാഗമായുള്ള പൈപ്പിടൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ജലജീവൻ മിഷൻ പ്രവൃത്തിയുടെ ഭാഗമായി പൈപ്പിടുന്ന റോഡുകൾ തകർന്ന് കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ജല ജീവൻ മിഷൻ പ്രവർത്തിയുടെ ഭാഗമായി പൈപ്പിടുന്നതിനായി റോഡുകൾ മുറിക്കേണ്ടുന്ന സാഹചര്യം വരാറുണ്ട്. അത്തരം സാഹചര്യങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ചതിനു ശേഷം റോഡുകൾ പുനഃ സ്ഥാപിക്കാറുണ്ട്. |
| (ബി) | പ്രസ്തുത റോഡ് പൂർവ്വസ്ഥിതിയിലാക്കാൻ ജലജീവൻ മിഷൻ കരാറുകാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ? | (ബി) | ജലജീവൻ മിഷൻ പദ്ധതി മാനദണ്ഡപ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലാണ് പദ്ധതി നടപ്പിലാക്കുന്നത്. ജലജീവൻ മിഷൻ ഒന്നും രണ്ടും മൂന്നും ഘട്ട പദ്ധതികളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ ഒഴികെയുള്ള റോഡുകൾ പുന:സ്ഥാപിക്കുന്നതിനുള്ള മുഴുവൻ തുകയും അനുവദിച്ചിരുന്നുവെങ്കിലും പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുന:സ്ഥാപിക്കുന്നതിനുള്ള തുക മാത്രമേ കേന്ദ്ര സർക്കാർ (എസ്.എൽ.എസ്.എസ്.സി) അംഗീകരിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ അനുവദിച്ചിരുന്നുള്ളൂ. അതനുസരിച്ച് പൈപ്പ് ലൈൻ സ്ഥാപിച്ച ശേഷം പഞ്ചായത്ത് റോഡുകൾ താൽക്കാലികമായി പുന:സ്ഥാപിക്കുന്നുണ്ട്. പൂർണ്ണമായി പുന:സ്ഥാപിക്കേണ്ടത് പഞ്ചായത്തുകളുടെ ഉത്തരവാദിത്വത്തിലാണ്. എന്നാൽ നാലും അഞ്ചും ആറും ഘട്ടങ്ങളിൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ച് ഭരണാനുമതി നൽകിയ പദ്ധതികളിൽ പഞ്ചായത്ത് റോഡുകളുടെ പുന:സ്ഥാപനത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി അനുമതി നൽകിയിട്ടുണ്ട്. ഇതിനെ തുടർന്ന് റോഡ് പുന:സ്ഥാപനത്തിന് തുക ലഭ്യമായ പ്രവൃത്തികളിൽ ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് പഞ്ചായത്തുകൾക്ക് റോഡ് പുന:സ്ഥാപനത്തിന് തുക അനുവദിക്കുന്നുണ്ട്. പൊതുമരാമത്തു – ദേശീയപാത തുടങ്ങിയ വിഭാഗങ്ങളുടെ ചുമതലയിലുള്ള റോഡുകളുടെ പുനരുദ്ധാരണത്തിന് പദ്ധതിയിൽ തുക വകയിരുത്തി |

| | | | |
|---|---|---|---|
| | | | വിനിയോഗിക്കുന്നുണ്ട്. റോഡുകളുടെ താൽക്കാലിക പുനരുദ്ധാരണത്തിന് കരാറുകാർക്ക് നിർദ്ദിഷ്ട കരാറിൽ തന്നെ വ്യവസ്ഥ ചെയ്തിട്ടുള്ളതും റോഡുകളുടെ പൂർണ്ണമായ പുനരുദ്ധാരണത്തിന് മേൽപ്പറഞ്ഞ രീതിയിൽ ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളതുമാണ്. |

സെക്ഷൻ ഓഫീസർ